**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4096** **27-10-2021 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ ജോലി ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആനുകല്യങ്ങൾ കൈപ്പറ്റി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പരിശീലനം ലഭിച്ചതിനു ശേഷവും എത്ര ഉദ്യോഗസ്ഥർ സംസ്ഥാന എക്സൈസ് വകുപ്പിൽ ബോർഡ് യൂണിറ്റിലും, സ്പെഷ്യൽ ഡ്യൂട്ടിയിലും മിനിസ്റ്റീരിയൽ/സമാന തസ്തികകളിലും ജോലി ചെയ്യുന്ന അശാസ്ത്രീയമായ ജോലിക്രമീകരണങ്ങൾ പുനഃപരിശോധിച്ച് ചട്ട പ്രകാരമുള്ള ജോലി നിർവ്വഹണങ്ങൾ നൽകി യുക്തമായ നടപടികൾ സ്വീകരിക്കാമോ; | (എ) | ബോർഡ് ഡ്യൂട്ടിയിൽ വിശേഷാൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. |
| (ബി) | 2018-ൽ അന്നത്തെ എക്സൈസ് കമ്മിഷണർ എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയിന്മേലുള്ള ഇപ്പോഴത്തെ നടപടികൾ എന്തായി എന്നറിയിക്കാമോ; | (ബി) | പരിശോധിച്ചുവരുന്നു. |
| (സി) | എക്സൈസ് വകുപ്പിൽ എത്ര എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുവാൻ ഉണ്ട് എന്നറിയിക്കാമോ; ഈ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് കാരണം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിൽ വീഴ്ച ഉണ്ടാകുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | എക്സൈസ് ഇൻസ്പെക്ടർമാരുടെ 146 ഒഴിവുകൾ നിലവിലുണ്ട്. വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് വീഴ്ച വരാതിരിക്കാൻ ഒഴിവുള്ള എക്സൈസ് റേഞ്ച് ഓഫീസുകളിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ അധിക ചുമതല തൊട്ടടുത്ത റേഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർമാർക്കും/ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും നൽകിയിട്ടുണ്ട്. |
| (ഡി) | വകുപ്പിലെ ജീവനക്കാർ തമ്മിലുള്ള സർവീസ് സംബന്ധമായ എത്ര കേസുകൾ കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്നുണ്ട്; പ്രസ്തുത കേസുകൾ സമയമബന്ധിതമായി തീർപ്പാക്കാൻ വകുപ്പ തലത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ഡി) | 55; പ്രസ്തുത കേസുകളിൽ 46 -ലും കാര്യവിവരണ പത്രിക നൽകി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 9 കേസുകൾ പ്രാഥമിക ഘട്ടത്തിൽ ആയതിനാൽ കാര്യവിവരണ പത്രിക നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ